No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2018-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **16.07.2018** ന് ആരംഭിച്ചു. പരിയാരം അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിലെ ബി.ഫാം കോഴ്സിൽ സർക്കാരിന് ലഭ്യമായ സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള ഫാർമസി റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നം. 17848/2018 എന്ന റിട്ട് പെറ്റിഷനിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 10.07.2018 ലെ ഉത്തരവ് അനുസരിച്ച് കൊല്ലം കടയ്ക്കൽ ഷാഹുൽ ഹമീദ് മെമ്മോറിയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിനെ അലോട്ട്മെന്റ് പ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ **മൂന്നാം ഘട്ടത്തിൽ പ്രസ്തുത കോളേജുകളിലേയ്ക്കു കൂടി അലോട്ട്മെന്റ് നടത്തുന്നതാണ്.**

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ:**

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **16.07.2018** മുതൽ **19.07.2018**, രാവിലെ **10** മണി വരെ ലഭ്യമാകുന്നതാണ്. **19.07.2018**, രാവിലെ **10** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് **20.07.2018** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **21.07.2018** മുതൽ **25.07.2018** വരെയുള്ള തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഫീസ് ഒടുക്കാവുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **25.07.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി പ്രവേശനം നേടേണ്ടതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഫെസിലിറ്റേഷൻ സെന്ററുകൾ** (FC) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

**മൂന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| 16.07.2018 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 19.07.2018 (10 am) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **20.07.2018** | **മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 21.07.2018 to 25.07.2018 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് വഴിയോ, ഓൺലൈനായോ ഫീസ്/ബാക്കി തുക(ബാധകമെങ്കിൽ) ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 25.07.2018 (5 pm) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേ താണ്. ആദ്യ രണ്ടു ഘട്ടങ്ങളിലും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** കൂടാതെ ഇവരുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും ഈ കോഴ്സുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അഡ്മിഷൻ നിലനിർത്തുന്നതായിരിക്കും.

മൂന്നാം ഘട്ട അലോട്ട്മെന്റിൽ താഴെപറയുന്ന സ്വാശ്രയ എഞ്ചിനീയറിംഗ്, ഫാർമസി കോളേജുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

| Sl. No. | College Code | Name of College | Total Seats | Seats allotted by CEE | Tuition Fees | Special Fees |
|---|---|---|---|---|---|---|
| 1 | *SHM | Shahul Hameed Memorial Engineering College, Kadakkal, Kollam | CE-60, CS-60, EC-60, EE-60, ME-60 | 50% | Rs. 50,000/- | Nil |

*** ഈ കോളേജിലേയ്ക്കുള്ള അലോട്ട്മെന്റ് താത്കാലികവും ബഹു.കേരള ഹൈക്കോടതിയുടെ നം. 17848/2018 എന്ന റിട്ട് പെറ്റിഷനിന്മേലുള്ള അന്തിമ തീർപ്പിന് വിധേയവുമായിരിക്കും.**

| Sl. No. | College Code | Name of College | Total Seats | Seats allotted by CEE | Tuition Fees | Special Fees including Refundable Caution Deposit |
|---|---|---|---|---|---|---|
| 1 | AMB | Academy of Pharmaceutical Sciences, Pariyaram, Kannur | BP-60 | 85% | Rs. 98,000/- | Rs. 37,605/- |

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി **1,000/- രൂപ** അടച്ച ശേഷം നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

ഗവൺമെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. മൂന്നാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകളുടെ ലഭ്യത GO(MS) No. 166/2017/H.Edn dated: 22.06.2017, GO(MS) No. 107/2018/H.Edn dated: 21.05.2018, GO(MS) No. 108/2018/H.Edn dated: 21.05.2018 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. ആയതിനാൽ വിദ്യാർത്ഥികൾ മേൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ വിദ്യാർത്ഥികൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്.**

***കുറിപ്പ്:***

***1) അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

***2) വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 18.07.2018 ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.***

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2332123**

തിരുവനന്തപുരം

16.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**